

ഇ. നാരായണൻ

ഇടശ്ശേരി

1

# ഇ. നാരായണൻ

ഇടശ്ശേരി

കൊല്ലം 1090 പോക്കു ചിങ്ങത്തിലാണ് നാരായണനെ പെറ്റത്. അമ്മയുടെ ആദ്യസന്താനമായതുകൊണ്ടാവാം, മാതൃഗൃഹത്തിൽവെച്ചുതന്നെയായിരുന്നു പ്രസവം. ചാത്തയിൽ എന്ന ആ തറവാട് പൊന്നാനിത്താലൂക്കിൽ ആനക്കര അംശത്തിലാണ്. ഐതിഹ്യ പ്രസിദ്ധമായ പന്നിയൂർ ക്ഷേത്രത്തിനു സമീപം. കുമരനെല്ലൂർ ഹൈസ്കൂളും അങ്ങാടികളും നിൽക്കുന്നിടത്തുനിന്ന് 'ഊഴിക്കരയ്ക്കുളവുചങ്ങല' പോലെ വടക്കോട്ടു നീണ്ടുകിടക്കുന്ന കുന്നുകളിലൊന്നിന്റെ പടിഞ്ഞാറൻ ചെരിവിൽ നെൽപ്പാടങ്ങളുടെ കിഴക്കേക്കരയ്ക്ക് പച്ചപിടിച്ച് ഉടനീളം കാണുന്ന കവുങ്ങിൻ തോട്ടങ്ങളിൽ ഒന്നിലാണ് ഈ വീട്. അവർ കൃഷിക്കാരും പരമ്പരയായി വൈദ്യന്മാരുമാണ്.

പച്ചപിടിച്ച കുന്നുകളും ചോലവെള്ളംകൊണ്ടു നനയ്ക്കുന്ന ഫലഭൂയിഷ്ഠമായ കവുങ്ങിൻ തോപ്പുകളും മുപ്പുകിൽ വിളയുന്ന നെൽവയലുകളും കൂടി സമ്പത്സമൃദ്ധവും രമണീയവുമായ ആ നാട്ടിൻപുറത്തുതന്നെയാണ് നാരായണൻ വളർന്നതും. അയാൾ അമ്മാമന്മാരുടെ – അമ്മായിമാരുടെയും – കണ്ണിലുണ്ണിയായിരുന്നു. ഒട്ടധികം ഓമനിക്കപ്പെട്ടിരുന്നു എന്നുവേണം വിചാരിക്കാൻ. കുടുംബഭാരമേറ്റിക്കൊണ്ടു നടക്കുന്ന കാലത്ത് പല ബാല്യകാലസ്മരണകളും തേട്ടിവരുന്ന കൂട്ടത്തിൽ പാരിന്റെ 'പാഴിരുളിൽ പിഴിഞ്ഞ പകലാമീറൻ പുതപ്പു'പോലെ നനച്ച മുണ്ടു പുതച്ചുണക്കിക്കൊണ്ട് കുളിച്ചുവരും വഴിക്ക് ഒരിക്കൽ ചിരിച്ചുകൊണ്ടു പറയുകയുണ്ടായി. 'ആറേഴു വയസ്സായിട്ടും അമ്മായി എന്നെ കുളിപ്പിച്ചുകഴിഞ്ഞാൽ എടുത്തിട്ടേ കോലായിൽ കൊണ്ടുവന്നുവെക്കൂ–കാലിൽ ചളിയായെങ്കിലോ എന്നു വെച്ചിട്ട്!' അങ്ങനെ ലാളിച്ചതു നന്നായി. മനുഷ്യന്റെ സുഖദുഃഖങ്ങൾ എങ്ങനെയെങ്കിലും ഒന്നു തൂക്കമൊക്കണമല്ലോ!

കുമരനെല്ലൂർ അന്നുണ്ടായിരുന്ന എലിമെന്ററി സ്കൂളിലാണ് നാരായണൻ പഠിച്ചത്. ആ കാലത്തെപ്പറ്റി ആർക്കും ധാരാളം പറയാനുണ്ടാകുമല്ലോ – പക്ഷേ, അന്ന് ആ സ്കൂളിലെ മുൻഷിയായിരുന്ന ടി.പി. കുട്ടികൃഷ്ണമേനോൻ അഭിജ്ഞാനശാകുന്തളം പഠിപ്പിച്ചിരുന്നതിനെപ്പറ്റി പല തവണയും സാഹ്ലാദം അയാൾ സ്മരിച്ചിരുന്നതേ എനിക്ക് ഓർമയുള്ളൂ. 'ക്ലാന്തം പ്രക്ഷാമഗണ്ഡം വദനം' എന്നു തുടങ്ങുന്ന ശ്ലോകം ചൊല്ലുമ്പോൾ ഏതാണ്ടയാൾ ഒരബോധാവസ്ഥയിലെത്താറുണ്ട്. ആദ്യകാലങ്ങളിൽ, അയാളുടെ അഭിപ്രായത്തിൽ ഏറ്റവും മാതൃകാപരമായ മലയാളഭാഷയ്ക്ക് ഉദാഹരണമാണ് 'കാന്താ നൈദാഘവാതഗ്ലപിതദലകുലാ മല്ലികാവല്ലികേവ' എന്ന വരി പി. അച്ചുതൻ, കേളു ഇവർ ഇപ്പോൾ അധ്യാപകരാണ്. എം. ഉണ്ണീരി – ഇയാൾ ഒരു വാക്സിനേറ്ററും – ഇവരായിരുന്നു നാരായണന്റെ സഹപാഠികളായ സ്നേഹിതന്മാർ.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞതോടുകൂടിത്തന്നെ ആ കുട്ടിക്ക് ജീവിതപ്പോരിൽ മുൻപന്തിയിൽനിന്ന് പടവെട്ടേണ്ടിവന്നു! അത്രയും ഓമനിക്കപ്പെട്ട ആ ഇളംശിരസ്സിൽ ദുർവഹമായ കുടുംബഭാരം താനേ വന്നമർന്നു. 'കട്ടയിൽക്കിടന്നയ്യോ കുതിർത്തിവൻ കുട്ടിയിൽത്തന്നെ കൂന്നുപോയീടണം' എന്ന പദ്യാംശം പോലെ ഒരു കവി സ്വന്തം ജീവരക്തത്തിൽ മുക്കിയെടുത്ത തൂലികകൊണ്ട് എഴുതിയ വരികൾ വേറെ കാണില്ല!

ചാത്തയിൽ കുറുമ്പക്കുട്ടി(നാരായണന്റെ അമ്മ)യെ കല്യാണം കഴിച്ചു കൊണ്ടുവന്നിരുന്നത് പൊന്നാനിക്കാണ്; എണ്ണാഴിയിൽ അപ്പു. അങ്ങനെയാണ് നാരായണൻ പൊന്നാനിക്കാരനായത്. 1932–നു മുമ്പുള്ള കുപ്രസിദ്ധമായ സാമ്പത്തികാധഃപതനകാലത്ത് പാപ്പരായിപ്പോയ കുടുംബങ്ങളിൽ ഒന്നാണ് അപ്പുവിന്റേതും. കുടുംബസ്വത്ത് ഓരോന്നായി എല്ലാം വിറ്റുതീർന്നു. പണ്ടങ്ങളെല്ലാം പണയത്തിലായി. പലതും അറുതിമൂളി. ഒടുവിൽ നിൽക്കക്കള്ളിയില്ലാതെ അപ്പു രാജ്യം വിടുകയും ചെയ്തു. അയാൾ 'ഭാഗധേയവുമന്വേഷിച്ച് കിഴക്കൻ ജില്ലകളിലെങ്ങോ പോയി. പോകാനുള്ള പണമുണ്ടാക്കിയതിന്റെ അനന്തര ചരിത്രം നാരായണന്റെ ജീവിതത്തിലെ, ആ മിന്നൽപ്പിണർ പോലെ മിന്നിമാഞ്ഞ ജീവിതത്തിലെ, ഒരു വലിയ ഭാഗത്തെ മുഴുവനും ഇരുട്ടിക്കളഞ്ഞു. 14 ക.യാണ് കടം വാങ്ങിയത്. 10 മാസം കൊണ്ട് 2 ക വീതം 20 ക. മടക്കിക്കൊടുക്കണമെന്നാണ് നിശ്ചയം. ഇതിനുള്ള ലക്ഷ്യമോ, 100 ക.യ്ക്ക് എഴുതിക്കൊടുത്ത ഒരു പ്രോനോട്ടും! മാസം തോറും 2 ക. പ്രകാരം മടക്കി അടയ്ക്കേണ്ട ഗഡുവു തീയതി തെറ്റിയാൽ ആ സംഖ്യയ്ക്ക് ഉറുപ്പികയ്ക്ക് രണ്ടണപ്രകാരം പലിശ കൂടുകയായി. ഇത്തരം ഇടപാടുകൾ എവിടെയെങ്കിലും ഭംഗിയിൽ കലാശിച്ചതായി കേട്ടിട്ടുണ്ടോ? അന്യായവും വിധിയും ജപ്തിയും – അങ്ങനെ



**ഇ. നാരായണൻ**

ഇടശ്ശേരി

2

പോകുമല്ലോ ആ ചരിത്രം. ഇതെല്ലാം നേരിടേണ്ടി വന്നതോ ഇന്നലെ സ്കൂൾവിട്ടു വന്ന് 'എട്ടും പൊട്ടും തിരിയാതെ' കിടന്നുഴലുന്നവനും അത്യഭിമാനിയും അനന്യമിത്രനുമായ ആ കൊച്ചു കവിക്കും. ഉറക്കം വരാത്ത ഒരു രാത്രി ഞങ്ങൾ ഏതോ പുസ്തകം വായിക്കുകയാണ്. ആകാശത്തിൽ കാർമേഘങ്ങൾ പരന്ന് എങ്ങും ഒരു ചാരനിറം വീശിയതും ചന്ദ്രനും നക്ഷത്രങ്ങളും അദൃശ്യരായതും മറ്റും രസിച്ചുവായിക്കുന്നതിനിടയ്ക്ക് നമ്മുടെ കവി കേറിപ്പറയുകയുണ്ടായി. 'അമ്പിളിമാമടെ വീട്ടിലും ജപ്തിയായിരിക്കും.'

പ്രാഥമിക വിദ്യാഭ്യാസം മാത്രം സിദ്ധിച്ച ഒരാൾക്ക് എന്തുദ്യോഗം കിട്ടാനാണ്? ട്രെയിനിങ്ങിനു പോകാം. മാസത്തിൽ 5 ക. ശമ്പളത്തിന് ഒരു കൊല്ലമെങ്കിലും ഒരു എയിഡഡ് സ്കൂളിൽ പണിയെടുക്കണം, പിന്നെ ചുരുങ്ങിയ ഒരു സഹായധനവും വാങ്ങി രണ്ടുകൊല്ലം ട്രെയിനിങ് കഴിക്കുകയും വേണം. സാധ്യമല്ല. അയാൾ അപ്പോൾത്തന്നെ പണിയെടുത്തു പണം സമ്പാദിച്ച് തന്നേയും കുടുംബത്തേയും പുലർത്തണം. അത്തരക്കാർക്ക് ഒരു വാതിൽക്കലേ ചെന്നു മുട്ടാനുള്ളൂ-വക്കീൽമുറിയിൽ. ഇവൻ മര്യാദക്കാരനാണെന്ന് 'ഭേദപ്പെട്ടവർ' വല്ലവരും സർട്ടിഫൈ ചെയ്യുകയും കൈയക്ഷരം നന്നായിരിക്കുകയും ചെയ്താൽ അക്കാലത്ത് വക്കീൽമുറികളിൽ പ്രവേശനം കിട്ടും. നാരായണന്റെ കൈയക്ഷരം വടിവുറ്റതായിരുന്നു. വളരെക്കാലത്തെ ഗുമസ്തപ്പണികൊണ്ടുപോലും ചീത്തയാവാൻ കൂട്ടാക്കാത്തവിധം വടിവുറ്റത്. ആയാൾക്കവിടെ പ്രവേശനം കിട്ടി. അങ്ങനെ പതിന്നാലോ പതിനഞ്ചോ വയസ്സിൽത്തന്നെ നിത്യം ഹരജിയെഴുതിക്കിട്ടുന്ന ചില്ലറ വരുമാനം കൊണ്ടുമാത്രം അയാൾ കുടുംബം പുലർത്തിത്തുടങ്ങി.

ആ വഴിക്കു തിരിഞ്ഞതു നന്നായി. ആ വക്കീൽമുറിയിൽ വെച്ച്, മറ്റു ഗുമസ്തന്മാർ വ്യവഹാരങ്ങളുടെ പോരു മനസ്സിലാക്കാനും കാര്യസ്ഥത കൈവശപ്പെടുത്താനും കിണഞ്ഞു ശ്രമിക്കുമ്പോൾ, നമ്മുടെ കൊച്ചു കവി കോടതിയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നവരും ശുദ്ധരെങ്കിലും വാശിക്കാരും അതുകൊണ്ടുതന്നെ കൂടുതൽകൂടുതൽ വലയിൽ കുടുങ്ങിമറിയുന്നവരുമായ സാധാരണക്കാരുടെ ജീവിതവൈവിധ്യങ്ങളെ നോക്കിപ്പഠിക്കുകയും വേദനകളെ സഹതാപപൂർവം വീക്ഷിക്കുകയും തികച്ചുമൊരു മനുഷ്യകഥാനുഗായിയാകാൻ ആവശ്യമുള്ള കരുക്കൾ സമ്പാദിക്കുകയും ചെയ്തു. കൂട്ടത്തിൽ അയാൾ കാര്യസ്ഥതയും കൈക്കലാക്കി. വളരെക്കുറച്ചുകാലം കൊണ്ട് അയാൾ പൊന്നാനിക്കോടതിയിൽ പ്രാപ്തനും വിശ്വസ്തനുമായ ഒരു വ്യക്തിയായി ഉയർന്നു കഴിഞ്ഞു.

വക്കീൽമുറിയിൽവെച്ച് ആദ്യത്തെ 'സേവാകാല'ങ്ങളിലാണ് ഞങ്ങൾ പരിചയപ്പെട്ടത്. വളർത്തി പാർശ്വത്തിലേക്ക് കെട്ടിവെച്ചിരുന്ന കുടുമയും വെളുത്തുമെല്ലിച്ച ദേഹവും ഉയർന്ന നാസികയും അല്പം പരിഹാസച്ഛായ കലർന്നു പ്രസാദം തുളുമ്പുന്ന നേത്രങ്ങളും എപ്പോഴും വെളുത്ത മുണ്ടും ഷർട്ടും – ആകർഷകത്വവും അന്തസ്സും കലർന്നതായിരുന്നു ആ കൊച്ചു സഹൃദയന്റെ രൂപം. എല്ലാം ഒന്നു തിട്ടപ്പെടുത്തി മനസ്സിലാക്കുകയും ഉറച്ച ഒരഭിപ്രായം രൂപവത്കരിക്കുകയും അതു കാരണം ഏതാണ്ടു മർക്കടമുഷ്ടിയോളമെത്തുന്ന വാദപ്രതിവാദശൈലി സ്വീകരിക്കുകയും ആരുടെയും മുഖം നോക്കാതെ, സംസാരിക്കുകയും ചെയ്യുന്നതായിരുന്നു പ്രകൃതി. സർവോപരി സ്നേഹശീലനും.

പൊന്നാനി അഴിമുഖത്തിന് സുമാർ ഒന്നൊന്നര മൈൽ മേലെയുള്ള മോട്ടിലാൽ ഘട്ടത്തിലെ വെൺമണലിൽ, ഭാരതപ്പുഴയുടെ കരയ്ക്ക്, എല്ലാ സായാഹ്നങ്ങളിലും ഞങ്ങൾ ചെന്നിരിക്കും, പലപ്പോഴും രാത്രി അസമയമാകുന്നതുവരെ. അത്രയും നേരം വള്ളത്തോളും ഉള്ളൂരും ആശാനും നാലപ്പാടും ജി.യും കേരളവർമ്മയും രാജരാജവർമ്മയും പന്തളവും കെ.സി.യും വെൺമണിമാരും കുഞ്ഞിക്കുട്ടൻ തമ്പുരാനും കുണ്ടൂരും ഒറവങ്കരയും-എല്ലാ മഹാകവികളും ഞങ്ങളുടെ മുമ്പിൽ നിരക്കുകയും അവരിൽ പലരും അന്നത്തെ കാറ്റു തിരിയുന്നതിന്നനുസരിച്ച് ഭൂമിയിലെ പാഴ്പൊടിയിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയോ ചിലരെല്ലാം സ്വർഗീയ സിംഹാസനത്തിലേക്ക് ഉയർത്തപ്പെടുകയോ ചെയ്കയും പതിവായിരുന്നു. ഈ വിനോദം ഞങ്ങൾക്കൊരു വലിയ നേട്ടമായി. നാരായണനെ സംബന്ധിച്ചിടത്തോളം അത് അതിൽ കൂടുതലുമായിരുന്നു. സാഹിത്യത്തിൽ മാത്രമല്ല, എല്ലാറ്റിലും നടപ്പിലും ഇരിപ്പിലും വിശ്വാസപ്രമാണങ്ങളിലും എല്ലാം അയാൾക്ക് ഒരു 'കണ്ണും തിരിയും' വെച്ചു തുടങ്ങുകയായിരുന്നു. ആ യാഥാസ്ഥിതിക കുടുംബത്തിലെ 'പയ്യൻ' മെല്ലെ കുടുമ ക്രോപ്പുചെയ്തു. കുടുംബത്തിൽ ഇടയ്ക്കും തലയ്ക്കും നടത്തുന്ന പ്രേതപൂജാദികൾ വിലക്കി. അയിത്തം ആചരിക്കാതായി, എന്നുവേണ്ട ആചാരങ്ങളിലും വിശ്വാസപ്രമാണങ്ങളിലും ഉറച്ചുകണ്ട എന്തിനേയും ഒന്നു പിടിച്ചിളക്കിനോക്കുകയും പലതിനേയും പുഴക്കിയെറിയുകയും ചെയ്തു. രൂപത്തിലും ഭാവത്തിലും ആൾ ആകെയൊന്നു മാറി.

ഈ വിപ്ലവകാലത്താണ്. ഇന്നത്തെ സുപ്രസിദ്ധ സാഹിത്യകാരനായ പി.സി. കുട്ടികൃഷ്ണ



**ഇ. നാരായണൻ**

ഇടശ്ശേരി

3

നെ ഞങ്ങൾ പരിചയപ്പെട്ടത്. ആ ഹൈസ്കൂൾ വിദ്യാർത്ഥിക്ക് ഒരു നേരിയ സാഹിത്യക്കമ്പത്തിന്മേൽ കൂറ്റൻ വേദാന്തങ്ങൾകൊണ്ട് ഓവർലോഡു കേറ്റി മെല്ലെമെല്ലെ മുമ്പോട്ടു ഉന്തിക്കൊണ്ടുപോകുന്ന ഒരു മട്ടുണ്ടായിരുന്നു. ഞങ്ങൾ പലപ്പോഴും ആ സ്കൂൾകുട്ടിയെ നോക്കി ചിരിച്ചിട്ടുണ്ട്. അങ്ങനെ ഒരു പരിഹാസച്ചിരി കാണുകപോലും ചെയ്യാത്തവണ്ണം പി.സി. അക്കാലത്ത് ‘ആകാശത്തിലെ പൂക്കളോടും’ ‘ചേർക്കുണ്ടിലെ നക്ഷത്രങ്ങളോടും’ സല്ലപിച്ചു കഴിഞ്ഞുകൂടുന്ന ഒരേകാന്തതയുടെ കാമുകനായിരുന്നു.

ഞങ്ങൾക്ക് ഒരു കൂട്ടുകാരൻ കൂടിയുണ്ടായിരുന്നു  ഇ. കുമാർ, ആ കൊച്ചുകവിയും മൊട്ടിലേ കരിഞ്ഞുപോയ മറ്റൊരു കൽപ്പകപ്പൂവാണ്. അന്നത്തെ പൊന്നാനിയിലെ സാഹിത്യസദസ്സിന്റെ ഒരു പൂർണരൂപം വരയ്ക്കുമ്പോൾ അതിലുണ്ടായിരുന്ന ഒരു സാഹിത്യവിദ്യാർഥിനിയെക്കൂടി സ്മരിക്കാതിരിക്കാൻ പാടില്ല; ശ്രീ കുമാറിന്റെ സഹോദരിയെ.

സുപ്രസിദ്ധമായ ഗുരുവായൂർ സത്യഗ്രഹം വന്നു. ആദർശശാലികളായ എല്ലാ ചെറുപ്പക്കാരെയും പോലെ പൊന്നാനിയിലെ ഈ കൊച്ചു സഹൃദയ സംഘവും പൊതുപ്രവർത്തനങ്ങളുടെ പെരുവഴിയിൽ അലറിക്കുതിച്ചിരുന്ന ആദർശവാക്യങ്ങളുടെ പിന്നാലെ പാഞ്ഞുനടക്കാൻ തുടങ്ങി. അങ്ങനെ ഞങ്ങൾക്ക് പരേതനായ പി. കൃഷ്ണപണിക്കരേയും ഇപ്പോൾ മാതൃഭൂമി പത്രാധിപന്മാരിൽ ഒരാളായ എൻ.പി. ദാമോദരനെയും പരിചയപ്പെടാൻ അവസരം ലഭിച്ചു. ഈ രണ്ടാമതു പറഞ്ഞ ആളാണ് പിന്നീട് ഞങ്ങൾക്ക്, ഞങ്ങളുടെ ലക്കില്ലാതെ പാഞ്ഞുകൊണ്ടിരുന്ന സാഹിത്യപരിശ്രമങ്ങളെ തിട്ടപ്പെട്ടൊരു മാർഗത്തിലൂടെ തിരിച്ചുവിടാൻ കഴിയുമാറ് സുപ്രസിദ്ധ നിരൂപകനായ കുട്ടികൃഷ്ണണമാരാരെ പരിചയപ്പെടുത്തിത്തന്നത്. മാരാർ നാരായണനിൽ തേജോമയമായി വികസിച്ചുവരുന്ന ഒരു കവിഹൃദയം കണ്ട് അഭിനന്ദിച്ചു. നാരായണനാകട്ടേ, ആ പരുക്കൻ നിരൂപകനിൽ വാത്സല്യത്തിന്റെ മൃദുലമായ ഒരംശം കണ്ടുപിടിച്ച്, എന്നേയും പി.സിയേയും – ഒട്ടൊക്കെ ഒരസൂയകൊണ്ടായിരുന്നുവോ? – വളരെനാൾ ചിരിപ്പിച്ചു!

കുട്ടികൃഷ്ണമാരാരുടെ സാഹചര്യംകൊണ്ട് ഈ കവിയുടെ കാവ്യങ്ങളിൽ വന്ന മാറ്റും മാറ്റവും സഹൃദയന്മാർക്ക് ഈ സമാഹാരത്തിൽ നിന്നു തന്നെ മനസ്സിലാക്കാൻ സാധിക്കും. ആ സംസർഗം അയാളുടെ വീക്ഷണ ഗതിയിൽത്തന്നെ ഒരു വലിയ പരിവർത്തനം വരുത്തി. നാരായണൻ സംസ്കൃതവും ഇംഗ്ലീഷും പഠിക്കാൻ തുടങ്ങി. പൊന്നാനി ഹൈസ്കൂൾ പണ്ഡിതരായ സി. കുഞ്ഞുണ്ണിനായരുടെ കീഴിലാണ് അയാൾ സംസ്കൃതാധ്യയനം തുടങ്ങിയത്. കൂട്ടത്തിലയാൾ ഉത്തരവാദിത്വമുള്ള കോൺഗ്രസ് പ്രവർത്തനങ്ങളും ഏറ്റെടുത്തിരുന്നു. പൊന്നാനിയിലെ ഒന്നാമത്തെ ബീഡിത്തൊഴിലാളിപ്പണിമുടക്കു കാലത്ത് അയാളായിരുന്നു ടൗൺ കോൺഗ്രസ് സെക്രട്ടറി. പണിമുടക്കം സംഘടിപ്പിച്ചതും നയിച്ചതും അന്ന് കോൺഗ്രസ്സിൽ ഇടതുപക്ഷക്കാരായിരുന്ന ഇന്നത്തെ കമ്യൂണിസ്റ്റുകളായിരുന്നുവെങ്കിൽക്കൂടി കവിക്ക് ആ പ്രസ്ഥാനത്തോട് തികച്ചും ആനുകൂല്യവും സഹഭാവവുമുണ്ടായിരുന്നു. അക്കാലത്ത് അയാൾ മാതൃഭൂമിയുടെ സ്വ.ലേ. കൂടിയായിരുന്നതുകൊണ്ട് ഈ സഹഭാവം അന്നത്തെ പണിമുടക്കുപ്രസ്ഥാനത്തിന് ഫലപ്രദമായ ഒരനുകൂലാന്തരീക്ഷം സൃഷ്ടിക്കാൻ ഒട്ടധികം പ്രയോജനപ്പെടുകയും ചെയ്തു.

ഇക്കാലത്ത്, ഉദ്ബുദ്ധനും പൊതുകാര്യതല്പരനുമാണ് ഒരു ചെറുപ്പക്കാരനെങ്കിൽ അയാൾ അവശ്യം ചുമക്കേണ്ടതായ ഒരു ഭാരമാണല്ലോ ഏതെങ്കിലും ഒരു വായനശാല. നമ്മുടെ കവിയും കുറേക്കാലം ഈ ‘പരിശീലനം’ സഹിച്ചിട്ടുണ്ട്. കൃഷ്ണപണിക്കർ വായനശാലയുടെയും ബാലകൃഷ്ണഗ്രന്ഥാലയത്തിന്റെയും സ്ഥാപകന്മാരിലും നടത്തിപ്പുകാരിലും ഒരു പ്രമുഖാംഗം നാരായണനായിരുന്നു.

ഉപജീവനത്തിനുവേണ്ടി ക്രമമില്ലാത്തതും പലപ്പോഴും രാത്രികൂടി കുനിഞ്ഞിരുന്ന് പേറിത്തീർക്കേണ്ടതുമായ ഗുമസ്തൻപണി, ഭാരിച്ചതും ആളെ ഇഞ്ചിഞ്ചായി കൊന്നുകളയുന്നതുമായ പൊതുപ്രവർത്തനം, ഏതാണ്ട് ഒരു കഠിനവ്രതമായിത്തീർന്ന ഭാഷാഭ്യസനം, മാതൃഭൂമിയുടെ സ്വ.ലേ. സ്ഥാനം അതും അക്കാലത്തൊരു പൊതുസേവനമായിട്ടാണ് കണക്കാക്കിയിരുന്നത്– ഈ തൊന്തരവുകളിൽനിന്നും വിട്ടുകിട്ടുന്ന ദുർലഭവേളകളാണ്, ഏതുകാലത്തും കേരളം കോൾമയിർക്കൊണ്ട് ഉരുവിടുന്ന ഈ അനർഘങ്ങളായ കാവ്യഖണ്ഡങ്ങളായി രൂപാന്തരപ്പെട്ടത്. ഇതിലിടയ്ക്ക് അയാൾ ഉണ്ടിരുന്നുവോ? ഉറങ്ങിയിരുന്നുവോ? അയാളുടെ ഏറ്റവും അടുത്ത സ്നേഹിതന്മാർക്കുപോലും അത്തരം കാര്യങ്ങൾ അജ്ഞാതങ്ങളായിരുന്നു. ആ അഭിമാനി യാതൊരു ഇല്ലായ്മകളെയും അന്ത്യംവരെ പുറത്തു കാട്ടാതിരിക്കാൻ ശ്രദ്ധിച്ചു. ഒരിക്കലെങ്കിലും ആ സുന്ദരമായ മുഖത്ത് വിഷാദം പുരട്ടാതിരിക്കാനും. ഇതിലിടയ്ക്ക് പല ഭൂകമ്പങ്ങളും നടന്നു. നാടുവിട്ടുപോകാൻതന്നെ ഒരിക്കൽ തീർച്ചപ്പെടുത്തി. ഏറ്റവും പരിപാവനമായി താൻ കൊണ്ടുനടന്നിരുന്നതും തന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ എല്ലാ മുറിവുകളിലും സ്മരണകൊണ്ട് തേൻ പുരട്ടിയിരുന്നതുമായ ഒരു (ബാല്യകാല?) പ്രേമനാടകംപോലും ദുഃഖപര്യവസായിയായി



**ഇ. നാരായണൻ**

ഇടശ്ശേരി



അഭിനയിക്കപ്പെട്ടു. എല്ലാം നശിച്ചു എന്നതിന്റെ വക്കുവരെ പലപ്പോഴുമെത്തി-പക്ഷേ, തികച്ചും വിവേകിതയോടുകൂടി അയാൾ എല്ലാ അത്യാപത്തുകളേയും നേരിട്ടു; ഒരിക്കലും ഒരു നുണപറയാതെയും ഒരിക്കലും ഒരൊഴികഴിവുകൊണ്ട് ചിറി കോട്ടാതെയും ജീവിതതന്ത്രികളെ അയാൾ വലിച്ചുമുറുക്കി, മുറുക്കാവുന്നതിലുമധികം. ഈ ഘട്ടത്തിൽ എന്റെ സ്മരണകൾ പതറിപ്പോവുകയാണ്. ആ കൊച്ചുജീവിതത്തിൽ സംഭവങ്ങൾ ഒന്നിനു പിമ്പേ ഒന്നായി ഇരമ്പിക്കയറിവരുകയും പലതും പൊട്ടിത്തകരുകയും ചെയ്തു. അടുത്തുനിന്നു കണ്ട എനിക്ക് അവയെ ചേർത്തെടുത്തു പ്രതിപാദിക്കാൻ പല കാരണംകൊണ്ടും കഴിവില്ല. ആ ആത്മസുഹൃത്തിന്റെ ജീവിതം പ്രതിനിമിഷം ആപത്തിലേക്ക് നീങ്ങുന്നു എന്ന് എന്തുപോലെയും വ്യക്തമായിരുന്നു. എന്നിട്ടും കഥയൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ ചിരിച്ചു കൊണ്ട് അയാളോട് പെരുമാറേണ്ടിവന്ന ദിവസങ്ങളും മാസങ്ങളുമുണ്ടായിട്ടുണ്ട്. കടുത്ത വഞ്ചനകൾ!

ഞാൻ മാത്രമല്ല, മറ്റു സുഹൃത്തുക്കളും ഈ അത്യാഹിതത്തെ ഊഹിച്ചിരുന്നു. പിന്നീടൊരിക്കൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നാരായണന്റെ കവിതകളുടെ ഒരാസ്വാദനം എഴുതിയ ഇ.പി. സുമിത്രൻ കവിയുമായി പരിചയപ്പെടുന്ന കാലത്തുതന്നെ അയാളിൽ ക്ഷയരോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ പതിഞ്ഞിരുന്നു - കുറച്ചു കാലമെങ്കിലും പരിപൂർണവിശ്രമമെടുത്തു ചികിത്സ ചെയ്യാൻ അദ്ദേഹം ഉപദേശിക്കുകയുണ്ടായി. പക്ഷേ, ആ ഉപദേശങ്ങൾ ചെവിക്കൊള്ളാൻ സാധിച്ചത് വളരെ വൈകിയശേഷമാണ്. ഒടുവിൽ കവിയുടെ മിത്രങ്ങളായ പി. അച്ചുതൻ, സി. ചോയുണ്ണി, സുമിത്രൻ, ടി.കെ. ത്രേസ്യ ഇവരുടെ സഹായത്തോടുകൂടി അന്ന് കുരമനെല്ലൂരുണ്ടായിരുന്ന ആയുർവേദ ഡോക്ടർ മാധവനുണ്ണിയുടെ ചികിത്സാലയത്തിൽ നാരായണനെ ചേർക്കുവാൻ കഴിഞ്ഞു. പക്ഷേ, വൈകിയിരുന്നു.

കവിയുടെ പരിചരണത്തിന് വൃദ്ധരായ അച്ഛനും അമ്മയും അടുത്തുണ്ടായിരുന്നു. നിസ്സഹായരായ നാലു കുട്ടികൾ വീട്ടിലും. രണ്ടനുജത്തിമാർ - അവരാണ് പിന്നെ മൂത്തവർ - ആച്ചമ്മുവും മാധവിയും- അന്ന് എന്തിനു നേർക്കും കരയുന്ന പാകത്തിലാണ്. താഴെയുള്ള രണ്ടനുജന്മാർ- വേലായുധനും രാമനും എന്തിനാണ് കരയുന്നതെന്നുകൂടി മനസ്സിലാകാത്ത പ്രായത്തിലും. കവിക്ക് വിശ്രമത്തിനു വിരിച്ച മെത്തയിൽ ഈ കുടുംബചിന്ത കൂർത്ത മുള്ളു പാകിക്കൊണ്ടിരുന്നു.

അവശനായിക്കിടക്കുന്ന ആ കിടപ്പിൽവെച്ചാണ് അയാൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള 'അന്ത്യനൃത്തം' എന്ന കവിത എഴുതിയത്. അതാണ് ആ ഭുവനൈകമോഹിനിയായ കവിതാനടിയുടെ അന്ത്യനൃത്തവും. അപ്പോഴും സ്വന്തമായ ആദർശങ്ങളിൽനിന്നും വിശ്വാസപ്രമാണങ്ങളിൽനിന്നും ആ ധീരപുരുഷർ അണുപോലും വ്യതിചലിച്ചിരുന്നില്ല.

ഈയൊരു കഥ നാരായണന്റെ സ്വഭാവം തെളിയിച്ചു കാണിക്കുന്ന ഒന്നാണ്. ചികിത്സകൊണ്ട് വേണ്ടത്ര പുരോഗതി കാണുന്നില്ല. അച്ഛൻ മെല്ലെ ജ്യോത്സ്യനെ ശരണം പ്രാപിച്ചു. ചില വഴിപാടുകളും ചുരുങ്ങിയ തോതിൽ ഒരുഴിഞ്ഞുവാങ്ങലും വിധിക്കപ്പെട്ടു. വഴിപാടുകൾ രോഗി അറിയാതെ നടത്തി. ബലിപൂജയും ഉഴിഞ്ഞുവാങ്ങലും അറിയിക്കാതെ വയ്യല്ലോ. പറയാൻ അച്ഛനും അമ്മയ്ക്കും ധൈര്യമില്ല. അയാളുടെ സ്നേഹിതന്മാർ തന്നെ അതിനു കച്ചകെട്ടി. 'ഒരിക്കലും തട്ടില്ല' എന്നുള്ളവർ അയാളോടു കാര്യം പറഞ്ഞു. ചികിത്സിക്കുന്ന ഡോക്ടർത്തന്നെ അതു നന്നെന്ന് അഭിപ്രായപ്പെട്ടു. 'അപ്പോൾ നിങ്ങളുടെ ചികിത്സകൊണ്ട് ഈ രോഗം ഭേദപ്പെടില്ലെന്നാണോ വിശ്വാസം?' മുഖത്തടിച്ചതുപോലുള്ള അത്തരം ചോദ്യങ്ങൾ പ്രതീക്ഷിച്ചതുതന്നെയായിരുന്നു. 'ആയുർവേദഗ്രന്ഥങ്ങളിൽത്തന്നെ അത്തരം വിധിയുണ്ട്.' ഡോക്ടർ വിട്ടില്ല. അദ്ദേഹം ഏതോ ഭാഗം ഉദ്ധരിക്കുകയും ചെയ്തു. 'എങ്കിൽ, ആ പുസ്തകം കീറിക്കളയൂ.' ഇത് അവസാന തീരുമാനമായിരുന്നു. ഏതായാലും രാത്രി മാന്ത്രികൻ വന്നു. കിടക്കുന്ന മുറിയിൽവെച്ച് ഭംഗിയായി പൂജയും നടത്തി. ഒടുവിൽ ഒന്നുഴിഞ്ഞുവാങ്ങണമല്ലോ. 'മോനെ, ഒന്നെഴുന്നേറ്റിരിക്ക്. നീ ഒന്നും ചെയ്യണ്ട' അമ്മ സഗദ്ഗദം പ്രാർത്ഥിച്ചു. ഒരക്ഷരം മിണ്ടാതെ പുറംതിരിഞ്ഞു കിടക്കലായിരുന്നു ആ വാശിക്കാരന്റെ പ്രത്യുത്തരം. രാവിലെ കാണാൻ ചെന്ന സ്നേഹിതന്മാരോട് അയാൾ പറഞ്ഞു: 'എന്റെ പുറത്തെ രോഗമെല്ലാം മാറി. ആ ഭാഗത്തുണ്ടായിരുന്ന ചെകുത്താന്മാരെ അതിലും വലിയൊരു ചെകുത്താൻ ഇന്നലെ ഉഴിഞ്ഞു കളഞ്ഞു.'

ഡോക്ടർ കൈമലർത്തി. വട്ടകുളത്തുള്ള മാതൃസഹോദരിയുടെ (ഭർത്തൃ) ഗൃഹത്തിലേക്ക് മങ്ങാരത്ത് എന്നാണ് ആ വീട്ടുപേര് - രോഗിയെ കൊണ്ടുപോന്നു. ആ ഗൃഹമായിരുന്നു കവിയുടെ അന്ത്യസങ്കേതം.

1941 ജനവരി 29-ാം തിയ്യതി (1116 മകരം) വെളുത്തപക്ഷം തുടങ്ങിക്കഴിഞ്ഞിരുന്നു. ഷഷ്ഠിയോ സപ്തമിയോ ആയിരിക്കണം. പണ്ടെപ്പോഴും ഞങ്ങൾ ചെന്നിരുന്ന ഭാരതപ്പുഴയുടെ അതേ വെൺമണൽത്തിട്ട്, ഇളംനിലാവു പരന്നിരുന്നു. തുറന്ന അഴിയിലൂടെ നിരന്തരം അടിച്ചുവരുന്ന കടൽക്കാ



**ഇ. നാരായണൻ**

ഇടശ്ശേരി



റ്റിൽ പോലും തണുക്കാത്തവിധം മസ്തിഷ്കം ചൂടുപിടിച്ചിട്ടുണ്ട്. ഇത്തവണ ഞങ്ങൾ സംസ്കാരകർമ്മത്തിനുവേണ്ടിയാണ് അവിടെ നിൽക്കുന്നത്. നാരായണൻ ഞങ്ങളുടെ അടുത്തുണ്ട്. ആ മഞ്ഞുപോലെ തണുത്തു വെറുങ്ങലിച്ച വിപഞ്ചികയിൽനിന്ന് ഇനി ഒരു ഗാനവും പൊഴിയാനില്ല. നിറഞ്ഞ കണ്ണോടും വിങ്ങിവീർക്കുന്ന നെഞ്ഞോടുംകൂടി ഞങ്ങൾ, മഞ്ചലിൽനിന്നെടുത്ത് ആ വെള്ളിമണലിന്റെ തുറന്ന വായിലേയ്ക്ക് മെല്ലെ മെല്ലെ താഴ്ത്തപ്പെട്ട ആ സ്വച്ഛജീവിതാവശേഷത്തെ കണ്ടുകൊണ്ടു നിന്നു. എല്ലാം കഴിഞ്ഞു.

മടങ്ങിപ്പോരുമ്പോൾ തൊട്ടിലിൽനിന്നുതുടങ്ങി ചുടലവരെയ്ക്കും ആ മിത്രത്തെ അനുഗമിച്ച പി. അച്ചുതൻ പറഞ്ഞു: ‘നമുക്കവന്റെ കവിതകൾ ഒരു പുസ്തകമാക്കണം’ അതെ, ഇനി അങ്ങനെ ഒന്നു വേണം. അതൊരു വിഗ്രഹാരാധനയുടെ മനോഭാവത്തിൽനിന്നാണ് വന്നത്. സ്നേഹത്തിന്റെ പേരിൽ പിടയുന്ന മനസ്സ് ഭൗതികമായ ഒരു പ്രതീകത്തെ ആവശ്യപ്പെടുന്നു. മാംസദൃഷ്ടികൾ കൊണ്ടുതന്നെ കാണണം. അതാണാവശ്യം.

ഒരു ദശാബ്ദത്തിനുശേഷം ഇതാ ഇപ്പോൾ ഞങ്ങളുടെ ആഗ്രഹം സാധിപ്പിച്ചുതന്ന കെ.സി. പത്മനാഭന്റെ (എമ്പയർ പ്രസ്സ്, കോഴിക്കോട്) നിസ്സീമമായ സൗഹാർദത്തിന് കവിയുടെ സുഹൃത്തുക്കൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്താൻ മറ്റൊരവസരമില്ല.

ആ മഹാമനസ്കന്റെ ജീവിതത്തിലെ ആഹ്ലാദമയങ്ങളും ശോകനിർഭരങ്ങളുമായ നൂറുനൂറു രംഗങ്ങൾ ഇതെഴുതുന്ന ആളുടെ ജീവിതവുമായി വല്ലാതെ കെട്ടുപിണഞ്ഞുകിടക്കുന്നു. അവ വഴിപോലെ പേർത്തെടുത്ത് രേഖപ്പെടുത്താൻ ശ്രമിക്കുമ്പോഴേക്ക്, മഹത്തും കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതുമായ ആ സൗഹാർദ്ദം ഈ നീണ്ട കൊല്ലങ്ങൾക്കു ശേഷവും വന്നു കണ്ണിൽക്കലങ്ങുകയാണ്. എല്ലാ ദുഃഖവും കാലാന്തരത്തിൽ സ്മര്യമധുരമായി മാറുമെന്ന് കേട്ടിട്ടുണ്ട്. പക്ഷേ, ഈ കാലാന്തരത്തിന്റെ ദൈർഘ്യം അറിയാമെങ്കിൽ!

*ഇ. നാരായണന്റെ ‘ഇടയന്റെ നിക്ഷേപം’ എന്ന കാവ്യസമാഹാരത്തിന് ആമുഖമായി എഴുതിയതാണ് ഈ നിബന്ധം. കാലം 1951 സപ്തംബർ 14–ാം തിയ്യതി, നാരായണനെക്കുറിച്ചുള്ള ഒരനുസ്മരണത്തിന്റെ കൈയെഴുത്തു പ്രതി ഇടശ്ശേരിയുടെ വീട്ടിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. അതാണ് ‘ഇ. നാരായണൻ എന്ന കവിയെക്കുറിച്ച്’ എന്ന ശീർഷകത്തിൽ അന്യത്ര ചേർത്തിട്ടുള്ളത്.*